# ഫിലേമോൻ

1ക്രിസ്തുയേശുവിനുവേണ്ടി തടവുകാരനാ
യ പൗലൊസും നമ്മുടെ സഹോദരനായ തിമൊ
ഥെയോസും, ഞങ്ങളുടെ പ്രിയ സ്നേഹിതനും
സഹപ്രവർത്തകനുമായ ഫിലേമോനും
2ഞങ്ങളുടെ സഹോദരിയായ അപ്പിയെക്കും
ഞങ്ങളുടെ സഹഭടനായ അർക്കിപ്പൊസിന്നും
നിന്റെ ഭവനത്തിലെ സഭയ്ക്കും എഴുതുന്നത്:
3നമ്മുടെ പിതാവായ ദൈവത്തിൽനിന്നും
കർത്താവായ യേശുക്രിസ്തുവിൽനിന്നും
നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

*സ്തോത്രവും പ്രാർത്ഥനയും*

4കർത്താവായ യേശുവിൽ നിനക്കുള്ള വി
ശ്വാസത്തെയും സകല വിശുദ്ധരോടുമുള്ള
നിന്റെ സ്നേഹത്തെയും കുറിച്ചു കേട്ടിട്ട് 5എ
ന്റെ പ്രാർത്ഥനകളിൽ നിന്നെ ഓർത്ത് ഞാൻ
എന്റെ ദൈവത്തിന് എല്ലായ്പോഴും സ്തോ
ത്രം ചെയ്യുന്നു. 6ക്രിസ്തുയേശുവിൽ നമുക്കു
ലഭിച്ചിട്ടുള്ള സകല നന്മകളെയുംപറ്റിയുള്ള
പൂർണ്ണമായ അറിവിൽ നിന്റെ വിശ്വാസത്തി
ന്റെ കൂട്ടായ്മ അധികം ഫലപ്രദമാകട്ടെ എന്നു
ഞാൻ പ്രാർത്ഥിക്കുന്നു. 7സഹോദരാ, നീ വിശു
ദ്ധരുടെ ഉള്ളം കുളിർപ്പിച്ചിരിക്കുകയാൽ നിന്റെ
സ്നേഹം എനിക്കു മഹാസന്തോഷവും
പ്രോത്സാഹനവും തന്നിരിക്കുന്നു.

*ഒനേസിമോസിനുവേണ്ടിയുള്ള അപേക്ഷ*

8ആകയാൽ നീ ചെയ്യേണ്ട കാര്യം നിന്നോടു
കല്പിക്കുവാൻ ക്രിസ്തുവിൽ എനിക്കു ധൈര്യ
മുണ്ടെങ്കിലും 9വൃദ്ധനും, ഇപ്പോൾ ക്രിസ്തു
യേശുവിന്റെ തടവുകാരനുമായ പൗലൊസ്
എന്ന ഞാൻ 10കാരാഗൃഹത്തിൽവച്ചു ജനിപ്പിച്ച
എന്റെ മകൻ ഒനേസിമോസിനു[a] വേണ്ടി സ്
നേഹത്തിൽ നിന്നോട് അപേക്ഷിക്കുകയാണ്.
11മുമ്പ് അവൻ നിനക്കു പ്രയോജനമില്ലാത്തവൻ
ആയിരുന്നു; എന്നാൽ ഇപ്പോൾ നിനക്കും എനി
ക്കും പ്രയോജനമുള്ളവൻ ആയിരിക്കുന്നു.
12എന്റെ പ്രാണനു തുല്യനായ അവനെ ഇ
പ്പോൾ നിന്റെ അടുക്കലേക്കു തിരിച്ചയയ്
ക്കുന്നു. 13സുവിശേഷത്തിനുവേണ്ടി ബന്ധന
ത്തിൽ കഴിയുന്ന എന്നെ ശുശ്രൂഷിക്കുവാൻ
നിനക്കു പകരം അവനെ എന്റെ അടുക്കൽ
നിറുത്താൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു.
14എങ്കിലും നിന്റെ സമ്മതം കൂടാതെ ഒന്നും
ചെയ്യാൻ എനിക്കിഷ്ടമില്ല; നീ ചെയ്യുന്ന ഏതു
നന്മയും നിർബ്ബന്ധത്താലല്ല, മനസ്സോടെ
ചെയ്യുന്നതായിരിക്കണമല്ലോ. 15അല്പകാലം
അവൻ നിന്നിൽനിന്ന് അകന്നു പോയത് അവ
നെ എന്നേക്കുമായി നിനക്കു തിരിച്ചുകിട്ടേണ്ടതി
നായിരിക്കാം; 16അതും, അടിമയായിട്ടല്ല, അതി
ലുപരി പ്രിയസഹോദരനായിത്തന്നേ. അവൻ
എനിക്ക് ഏറ്റവും പ്രിയമുള്ളവനാണ്; എങ്കിൽ
ലൗകികമായും കർത്താവിലും അവൻ നിനക്ക്
എത്രയധികം പ്രിയപ്പെട്ടവൻ!
17അതുകൊണ്ടു നീ ഒരു കൂട്ടാളിയായി എ
ന്നെ കരുതുന്നുവെങ്കിൽ, എന്നെ എന്നപോലെ
അവനെ സ്വീകരിച്ചുകൊള്ളുക. 18അവൻ നി
ന്നോട് എന്തെങ്കിലും ദോഷം ചെയ്യുകയോ കട
പ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് എന്റെ
പേരിൽ കണക്കിട്ടുകൊള്ളുക. 19പൗലൊസ്
എന്ന ഞാൻ എന്റെ സ്വന്തകൈയാൽ എഴുതു
കയാണ്– ഞാൻ തന്നുതീർത്തുകൊള്ളാം. നീ
നിന്നേത്തന്നേ എനിക്കു തരുവാൻ കടപ്പെട്ട
വനാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ.
20അതേ സഹോദരാ, എനിക്കു നിന്നിൽ നിന്നു
കർത്താവിൽ ഒരു പ്രയോജനം ഉണ്ടാകണമെന്ന്
ആഗ്രഹമുണ്ട്. ക്രിസ്തുവിൽ എന്റെ ഹൃദയം
തണുപ്പിക്കുക. 21ഞാൻ പറയുന്നതിലധികം നീ
ചെയ്യുമെന്ന് നിന്റെ അനുസരണത്തെപ്പറ്റിയു
ള്ള ഉറപ്പോടെയാണ് ഇതു ഞാൻ എഴുതുന്നത്.
22ഒരു കാര്യംകൂടി: എനിക്കു താമസിക്കാൻ
ഒരു പാർപ്പിടം ഒരുക്കിക്കൊൾക. നിങ്ങളുടെ
പ്രാർത്ഥനയുടെ ഫലമായി എന്നെ നിങ്ങൾക്കു
തിരിച്ചുകിട്ടുമെന്നു ഞാൻ പ്രത്യാശിക്കുന്നു.
23ക്രിസ്തുയേശുവിൽ എന്റെ കൂട്ടുതടവുകാ
രനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യു
ന്നു. 24അങ്ങനെതന്നേ എന്റെ കൂട്ടുവേലക്കാ
രനായ മർക്കൊസും അരിസ്തർക്കൊസും
ദേമാസും ലൂക്കൊസും നിങ്ങളെ അഭിവാദനം
ചെയ്യുന്നു.
25കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നി
ങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കുമാറാകട്ടെ.

[a] 10 *പ്രയോജനമുള്ളവൻ* എന്ന് ഈ പേരിന് അർത്ഥം.

